## അനുസ്മരണം

### പള്ളിയേടത്ത് അബൂബക്കർ മാസ്റ്റർ



വിനയം, ലാളിത്യം, അനുകമ്പ, സഹാനുഭൂതി തുടങ്ങിയ വൈയക്തിക ഭാവങ്ങളും പ്രതിബദ്ധത, കർമോത്സുകത, അർപ്പണബോധം തുടങ്ങിയ പ്രാസ്ഥാനിക ഗുണങ്ങളും മേളിച്ച വ്യക്തിത്വമായിരുന്നു പള്ളിയേടത്ത് അബൂബക്കർ മാസ്റ്റർ(67). കോഴിക്കോട് ജില്ലയിലെ പറമ്പിൽ ബസാർ ഹൽഖയുടെ സ്ഥാപക നാസിമും അൽ മദ്റസത്തുൽ ഇസ്‌ലാമിയയുടെ പ്രഥമ പ്രധാനാധ്യാപകനുമായിരുന്നു. എം.എ.എം.യു.പി സ്കൂളിലെ പ്രധാനാധ്യാപകനായി വിരമിച്ച മാസ്റ്റർക്ക് വിവിധ തുറകളിൽ നിരവധി ശിഷ്യന്മാരുണ്ട്.

പ്രസ്ഥാനത്തിന്റെ ഏത് സമ്മേളനത്തിലും ഊർജസ്വലനായ വളണ്ടിയറായിരുന്നു അദ്ദേഹം. മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും പ്രസ്ഥാന പ്രവർത്തകരാണ്.

**സി.പി ജൗഹർ**

### പി. മുഹമ്മദ്



പാലക്കാട് ഇസ്‌ലാമിക പ്രസ്ഥാനത്തിന് വേരോട്ടമുള്ള പുലാപ്പറ്റ ഗ്രാമത്തിൽ തൊള്ളായിരത്തി അറുപതുകളിൽ തന്നെ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്നു പി. മുഹമ്മദ് സാഹിബ്. പ്രദേശത്തെ ബീഡി തൊഴിലാളികളെ സംഘടിപ്പിച്ച് പ്രസ്ഥാന മാർഗത്തിൽ അണിനിരത്താൻ അദ്ദേഹം മുൻനിരയിലുണ്ടായിരുന്നു.

മലർവാടി ബാലസംഘം പരിപാടികളിൽ വരെ അദ്ദേഹത്തിന്റെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ധാരാളം ശിഷ്യഗണങ്ങളുള്ള അദ്ദേഹം നാട്ടിൽ അറിയപ്പെട്ടിരുന്നത് 'ഖാദിയാർ മുഹമ്മദ് ഉസ്താദ്' എന്ന പേരിലായിരുന്നു.

**ഇ.പി അബ്ദുല്ല പുലാപ്പറ്റ**

### വി.പി ഹനീഫ



ചുങ്കത്തറ ജമാഅത്ത് ഘടകത്തിലെ വി.പി ഹനീഫ ഒരു വാഹനാപകടത്തിലാണ് നമ്മെ വിട്ടുപിരിഞ്ഞത്. ചുങ്കത്തറ ടൗണിലെ സ്വന്തം മെഡിക്കൽഷോപ്പ് നിരവധി നിർധന കുടുംബങ്ങളുടെ ആശാകേന്ദ്രമായിരുന്നു. രോഗികൾക്ക് മാർഗനിർദേശം നൽകിയും ഡോക്ടർമാരുമായി ബന്ധപ്പെടുത്തിയും സൗജന്യ മരുന്നുകൾ നൽകിയും അദ്ദേഹം സേവന നിരതനായിരുന്നു. കുടുംബത്തെയും പ്രസ്ഥാനത്തോടൊപ്പം നടത്താൻ ശ്രദ്ധിച്ചു.

**സി. സൈതലവി**

---

*അല്ലാഹു പരേതരെ മർഹമത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*